# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025




## MARKAZ GIRLS HIGHER SECONDARY SCHOOL
## KARANTHOOR

# ആമുഖം

പൊതു വിദ്യഭ്യാസ സംരക്ഷണയജ്ഞത്തിൻ്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻ്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിൻ്റെ ഭാഗമായി ഓരോകുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിന് അനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേക്കും എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ അക്കാദമിക ആസൂത്രണത്തിൻ്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റ മുണ്ടാവാൻ തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. മർക്കസ് ഗേൾസ് ഹൈസ്കൂളിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കിയ സമഗ്രമായ ഒരു പദ്ധതിയാണ്

# താളുകൾ മറിക്കുമ്പോൾ


ആമുഖം

സ്കൂൾ ചരിത്രം

കാഴ്ചപ്പാട്

പൊതുലക്ഷ്യങ്ങൾ

അക്കാദമികം -- UP

ഇംഗ്ലിഷ്

ലയാളം

അറബിക്ക്

ഹിന്ദി

സോഷ്യൽ സയൻസ്

ശാസ്ത്രം

കണക്ക്

അക്കാദമികം --HS

ഇംഗിഷ്

മലയാളം

അറബിക്ക്

ഉറുദു

ഹിന്ദി

സോഷ്യൽ സയൻസ്

ശാസ്ത്രവിഷയങ്ങൾ

കണക്ക്

കലാകായിക പ്രവൃത്തി പരിചയം

cwsn

സ്കൂൾ പ്രവർത്തന വിശകലനം

ഉപസംഹാരം

ാ

# സ്കൂൾ ചരിത്രം

കോഴിക്കോട് ജില്ലയിൽ കോർപ്പറേഷൻ പരിധിക്ക് തൊട്ടടുത്ത പ്രദേശമായ കാരന്തൂരിൽ സ്ഥിതി ചെയ്യുന്ന കന്ദമംഗലം ഉപജില്ലയിലെ തന്നെ പെൺകുട്ടികൾക്കുമാത്രമായുള്ള ഏക വിദ്യലയമാണ് മർക്കസ് ഗേൾസ് ഹൈസ്കൂൾ. GO(RT)365/94 G.Edn. 01-02-1994 52 0 2000 8 ഹൈസ്കൂളിൽ നിന്നു ബൈഫർക്കേറ്റ് ചെയ്ത് രൂപം കൊണ്ടതാണീ വിദ്യാലയം.

കാന്തപുരം എ പി അബൂബക്കർ മുസ്ല്യാർ മനേജരായുള്ള മർക്കസ് ഹൈസ്കൂൾ 1992 ജൂണിലാണ് ആരംഭിച്ചത്. എന്നാൽ 01-02-1994 ഓർഡർ പ്രകാരം പെൺകുട്ടികൾക്ക് മാത്രമായി മറ്റൊരു ഹൈസ്കൂൾ അനുവദിക്കുകയും യു പി വിഭാഗം ഉൾപ്പെടെ 1995 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആദ്യവർഷങ്ങളിൽ 11 ഡിവിഷനുകളാണുണ്ടായിരുന്നത്. ഇപ്പോൾ 10 യു പി ഡിവിഷനുകളും 17 ഹൈസ്കൂൾ ഡിവിഷനുകളിലുമായി മൊത്തം 27 ഡിവിഷനുകളുണ്ട് . 2025-26 വർഷം 1007 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ട്.

അധ്യായന വർഷം ക്ലാസ്സ് മുറികൾ മാനേജ്മെൻ്റിൻ്റെയും അധ്യാപകരുടെയും പി ടി എയുടെയും സഹായത്തോടുകൂടി ടൈൽ പാകി കൂടുതൽ സൗകര്യപ്രദമാക്കിയിട്ടുണ്ട്.

പ്രശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന സ്കൂളിലേക്കുള്ള യാത്രാസൗകര്യത്തിനായി 8 സ്കൂൾ ബസ്സുകൾ നിലവിലുണ്ട്. മാനിപുരം, കുറ്റിക്കടവ്, പരപ്പൻപൊയിൽ, പെരുമണ്ണ, പറമ്പിൽ ബസാർ ഭാഗങ്ങളിൽ നിന്നിങ്ങോട്ടുമുള്ള കുട്ടികൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്.

മികച്ച നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്താനുതകുന്നന്ന തരത്തിലുള്ള പാഠ്യപദ്ധതിയാണ് ഇന്ന് നിലവിലുള്ളത്. അതിനെ എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ട് പ്രയോഗികതലത്തിൽ കൊണ്ടുവരാൻ എക്കാലത്തും ഇവിടുത്തെ അധ്യാപകർ ശ്രമിച്ചുവരുന്നുണ്ട്. കൂടുതൽ വിദ്യാലയവികസനപദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. മെച്ചപ്പെടുത്തലുകൾക്കായി

സ്കൂളിൽ പ്രവൃത്തിപരിചയം, ചിത്രകല, കായികം, എന്നീ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കാൻ സ്പെഷ്യലിസ്റ്റ് അധ്യാപകരുണ്ട്.

# STATISTICAL DATA

| | | |
|---|---|---|
| **School Name** | **:** | **Markaz GirlsHigherSecondary School,Karanthur** |
| **Address** | **:** | **Karanthur,Karanthur(po)** |
| | | **Kozhikode ,Kerala** |
| | | **673571** |
| **Phone** | **:** | **0495 2804429** |
| **Email** | **:** | **mghskaranthur@gmail.com** |
| **School Code** | **:** | **47102** |
| **Name of HM** | **:** | **Niyas Chola** |
| **Govt / Aided** | **:** | **Aided** |
| **Class** | **:** | **5 th Std to 12 th Std** |
| **Educational District** | **:** | **Thamarassery** |
| **Block** | **:** | **Kunnamangalam** |
| **Taluk** | **:** | **Kozhikode** |
| **Panchayath** | **:** | **Kunnamangalam** |

# കാഴ്ചപ്പാട്

1. കാരന്തൂർ മർക്കസ് ഗേൾസ് സ്കൂളിനെ ജില്ലയിലെ ഏറ്റവും ഉയർന്ന ഭൗതിക അക്കാദമിക നിലവാരത്തിലേക്ക് ഉയർത്തുക.

2. ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷാകളിലെങ്കിലും ഭാഷാജ്ഞാനവും ആശയ വിനിമയ ശേഷിയും നേടണം.

3. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ ലഭ്യമാക്കുക.

4 വിദ്യാഭ്യാസത്തിൻ്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കണം

5. ഹൈടെക് ക്ലാസ്സ് മുറികൾ

6. കാർഷിക സംസ്കാരം വളർത്തുക.

7. വിദ്യാലയ പരിസരത്തുള്ള മുഴുവൻ കുട്ടികളെയും നമ്മുടെ സ്കൂളിൽ എത്തിക്കുക.

## പ്രവർത്തനങ്ങൾ

1 സ്കൂൾ ലൈബ്രറി നവീകരണം

2. റീഡിങ്ങ് റൂം വിപുലീകരണം

3. എല്ലാ ക്ലാസ്സ് റൂമുകളും സ്മാർട്ട് റൂമുകൾ

4. എല്ലാ ക്ലാസ്സ് റൂമിലേക്കും വാർത്താ വിനിമയ സംവിധാനം

5. ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം

6. കളിസ്ഥലം, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണം

7. നിലവായുള്ള അധ്യപക പരിശീലനം

# പൊതുലക്ഷ്യങ്ങൾ

1. 5 മുതൽ 10 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണയും ശേഷിയും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും പഠനത്തിനു വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുകയും സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് - എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

3. ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.

4. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

5. പാരിസ്ഥിക അവബോധം, സാമൂഹിക അവബോധം മാലിന്യ നിർമാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യും.

6. തുടർച്ചയായതും സമഗ്രമായതുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കി മാറ്റുക.

7. പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയും ആക്കാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ കാമ്പസ്സിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യും.

8. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിൻതുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

9. ആരോഗ്യകരമായ സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചും തുല്യതയെ കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കുട്ടികളിൽ കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും.

11. കുട്ടികളുടെ സർഗപരവും അക്കാദമിക പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

# മർക്കസ് ഗേൾസ് ഹൈസ്കൂൾ കാരന്തൂർ 2025 -26 പ്രവർത്തന കലണ്ടർ

| മാസം | ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| **ജൂൺ** | | | |
| ജൂൺ 2 | പ്രവേശനോത്സവം | പുതിയ കുട്ടികളെ സ്വീകരിക്കൽ, അസംബ്ലി, ഉദ്ഘാടനം, മധുരം വിതരണം | മാനേജ്മെന്റ്, HM, Staff and PTA |
| ജൂൺ 3 – 13<br>ജൂൺ 4 | മൂല്യബോധം കുട്ടികൾക്ക് | ലഹരിക്കെതിരെ റോഡ് സുരക്ഷയും നിയമങ്ങളും<br>സ്കിറ്റ്, പോസ്റ്റർ, ഡ്രാമ, റോഡ് ഷോ | Ss Club, Maths Club |
| ജൂൺ 5 | പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടൽ, മാലിന്യ മുക്തം, പ്ലാസ്റ്റിക് വിമുക്ത കാമ്പസ് പ്രഖ്യാപനം, പച്ചക്കറി കൃഷി ആരംഭം | മാനേജ്മെന്റ്, HM, PTA and Natural Science club |
| ജൂൺ 9 | മൂല്യ ബോധം കുട്ടികൾക്ക് | ആരോഗ്യ കായിക ക്ഷമത, വ്യായാമം<br>Skit, role Play, Raley, Charts | Amitha Tr & Preetha Tr.<br>Arts Club, SRG Convener Staff, LanguageClub, Physical science teachers, SRG Convener |
| ജൂൺ 10 | ഡിജിറ്റൽ അച്ചടക്കം | | |
| ജൂൺ 11 | പൊതുമുതൽ സംരക്ഷണം | | |
| ജൂൺ 12 | പരസ്പരസഹകരണത്തിന്റെ പ്രാധാന്യം | | |
| ജൂൺ 13 | ക്രോഡീകരണം (SRG) | | |
| ജൂൺ 17 | SSLC, USS, NMMSE | 2025-26 വർഷത്തെ SSLC | വിജയോത്സവം |

| | | | |
|---|---|---|---|
| | അനുമോദനം.<br>Motivation class for SSLC Students | വിജയോത്സവ ഉദ്ഘാടനം<br>Morning Class ആരംഭിക്കുന്നു. | കമ്മിറ്റി,HM, PTA<br>Management |
| ജൂൺ 19 | വായനാദിനം | ക്വിസ്സ്, Liabrary Book വിതരണം,<br>Library review | ഭാഷാ<br>ക്ലബ്,Library<br>Charge Teachers,<br>Maths club |
| ജൂൺ 21 | അന്താരാഷ്ട യോഗാ ദിനം | യോഗ പരിശീലനം | അമിത ടീച്ചർ,<br>Health Club |
| ജൂൺ 26 | ലഹരി വിരുദ്ധ ദിനം | പോസ്റ്റർ രചന, ഡോക്യുമെന്ററി പ്രദർശനം | ജാഗ്രതാ ക്ലബ്<br>പ്രവർത്തനങ്ങൾ |
| ജൂൺ | Cpta,<br>സ്കൂൾ പാർലമെന്റ് ഇലക്ഷൻ ക്ലബ്<br>രൂപീകരണവും ഉദ്ഘാടനവും<br>NMMSE Selection | Cpta അംഗങ്ങളെ തെരഞ്ഞെടുക്കുന്നു.<br>സ്കൂൾ ലീഡർ, ക്ലാസ്സ് ലീഡർ,ഇലക്ഷൻ<br>ചെയർമാൻ<br>ക്ലബ് മെമ്പർമാരുടെ യോഗം,<br>തീരുമാനങ്ങൾ, Nmmse Preliminary<br>Exam | Hm, Staff<br>സ്കൂൾ<br>ജനാധിപത്യവേദി,<br>ss club,<br>Club Convener,<br>HM |
| **JULY** | | | |
| ജൂലൈ | SRG Meeting | June പ്രവർത്തനങ്ങളുടെ അവലോകനം,<br>July പ്രവർത്തനങ്ങളുടെ ആസൂത്രണം | HM, SRG<br>Convener, Staff |
| ജൂലൈ 5 | ബഷീർ ദിനം | ക്വിസ്, സ്കിറ്റ്, ബഷീർ കൃതികൾ, | ലൈബ്രറി, മലയാളം |

| | | | |
|---|---|---|---|
| | | പരിചയപ്പെടുത്തൽ | ക്ലബ് |
| ജൂലൈ | Monthly test | UP, HS കുട്ടികൾക്കുള്ള ക്ലാസ്സ് പരീക്ഷ | വിജയോത്സവം കമ്മറ്റി, HM, Staff |
| ജൂലൈ 21 | ചാന്ദ്രദിനം | ക്വിസ്സ്, ചാർട്ട് പ്രദർശനം, റോൾ പ്ലെ, ചാന്ദ്രദിന ഗാനം | സയൻസ്, സോഷ്യൽ ക്ലബ് |
| ജൂലൈ 31 | CPTA | C P T A യോഗവും രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ്സും | വിജയോത്സവം കമ്മറ്റി, HM, PTA, Staff, |
| **ആഗസ്റ്റ് 2025** | | | |
| ആഗസ്റ്റ് | SRG Meeting | അവലോകനം, ആഗസ്റ്റിലെ പ്രവർത്തനങ്ങൾ ആസൂത്രണം | HM, SRG Convener, Staff |
| ആഗസ്റ്റ് | First term Exam, NMMSE Selection | 8th,9th,10th പാദവാർഷിക പരീക്ഷ, NMMSE കുട്ടികളുടെ coaching | Exam Committee, HM, Staff |
| **സപ്തംബർ 2025** | | | |
| സപ്തംബർ 5 | അധ്യാപക ദിനം | അധ്യാപകർക്ക് ആശംസ അർപ്പിക്കൽ, റിട്ടയർ ആയ അധ്യാപകരെ ആദരിക്കൽ, Best Student Teachers relationship | HM, PTA, Staff,ദിനാചരണ കമ്മറ്റി |
| സപ്തംബർ | SRG Meeting<br>CPTA Meeting | അവലോകനം, ആഗസ്റ്റ് പ്രവർത്തനങ്ങൾ ആസൂത്രണം,<br>സി പി ടി എ തീരുമാനിക്കൽ | HM, , Staff, SRG Convener |

| | | | |
|---|---|---|---|
| സപ്തംബർ | ഓണാഘോഷം | കുട്ടികളുടെ വിഭിന്ന കലാവിരുന്നുകൾ | HM, PTA, Staff, |
| സപ്തംബർ 16 | ലോക ഓസോൺ ദിനം | ബോധവല്ക്കരണ പരിപാടികൾ | സയൻസ് ക്ലബ് |
| സപ്തംബർ 21 | അൽഷിമേഴ്സ് ഡേ | ബോധവൽകരണം, വൃദ്ധസദന സന്ദർ ശനം | Natural Science Teachers , Guides |
| സപ്തംബർ | സ്കൂൾ ശാസ്ത്രമേള, സ്പോർട്സ് മീറ്റ് | വിവധ ക്ലബുകളുടെ എക്സിബിഷൻ, മറ്റു പരിപാടികൾ, അത്‌ലറ്റ്സ്, ഗെയിംസ് | All Club Convener, Amitha Tr, PTA, HM, Staff |
| **ഒക്ടോബർ** | | | |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി | സേവന ദിനം, സ്കൂൾ പരിസര ശുചീകരണം, ക്വിസ് | HM, PTA, Staff |
| ഒക്ടോബർ | SRG meeting | അവലോകനം, ആസൂത്രണം | HM, , Staff, SRG Convener |
| ഒക്ടോബർ | Monthly test, Motivation class, 8th and 9th std | Class test, കുട്ടികൾക്ക് വേണ്ടി ബോധവത്കരണ ക്ലാസ്സ് | HM, PTA, വിജയോത്സവം, പരീക്ഷാ കമ്മറ്റി, 8th ,9th class Trs |
| ഒക്ടോബർ 16 | ലോക ഭക്ഷ്യദിനം | ഫുഡ് ഫെസ്റ്റ് സെമിനാർ, ഫാസ്റ്റ് ഫുഡ്, soft drinks, ദൂഷ്യഫലങ്ങൾ - സ്കൂൾ പോസ്റ്റർ | Health Club/work Experience |
| ഒക്ടോബർ | സ്കൂൾ കലോത്സവം | Stage and Non Stage Items | കലോത്സവ കമ്മറ്റി |
| **നവംബർ** | | | |

| | | | |
|---|---|---|---|
| നവംബർ 1 | കേരള പിറവി ദിനം<br><br>SRG Meeting | അസംബ്ലി, സന്ദേശം, കേരളത്തിന്റെ ഭൂപടം തയ്യാറാക്കൽ<br>പ്രവർത്തനങ്ങളുടെ ആസൂത്രണം | മലയാളം, സോഷ്യൽ ക്ലബ്<br>HM, , Staff, |
| നവംബർ | പഠനയാത്ര, ഫീൽഡ് ട്രിപ്പ് | 10th പഠനയാത്ര, 8th,9th field Trip | HM, PTA,Tour Committee |
| നവംബർ 7 | C v Raman ദിനം | സെമിനാർ, Essay Competition | Science club |
| നവംബർ 9 | ഇഖ്ബാൽ ജന്മദിനം | Essay Competition, Poster | Urdu club |
| നവംബർ 14 | ശിശുദിനം | ക്വിസ്സ്, Raley, ചാച്ചാജി, Role play | Arts, Language club |
| നവംബർ 19 | ലോക ശാസ്ത്രദിനം | സെമിനാർ, ക്വിസ്, ലഘുപരീക്ഷണങ്ങൾ, പ്രദർശനം | സയൻസ് ക്ലബ് |
| നവംബർ | Monthly test,<br>CPTA<br>Motivation Class | 8th, 9th, 10th Class  മീറ്റിംഗ്, വിദ്യാർത്ഥികൾക്ക് സമ്മാനദാനം,<br>10th Motivation-Awareness programme for parents | HM, PTA,staff<br>വിജയോത്സവം കമ്മറ്റി,  ജാഗ്രതാ സമിതി |
| **ഡിസംബർ** | | | |
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | പോസ്റ്റർ രചന, awareness programme | Science club, Health club |
| ഡിസംബർ 3 | ലോക ഭിന്നശേഷി ദിനം | ഉദ്ഘാടനം, ഭിന്നശേഷി കുട്ടികളെ ആദരിക്കൽ, കലാപരിപാടികൾ | HM, PTA, and Resource Teacher |

| | | | |
|---|---|---|---|
| ഡിസംബർ 22 | രാമാനുജൻ ജന്മദിനം | ക്വിസ്, പ്രസംഗം, ചാർട്ട് പ്രദർശനം | Maths Club |
| ഡിസംബർ | SRG Meeting | പ്രവർത്തനങ്ങൾ, അവലോകനം, ആസൂത്രണം | HM,staff, SRG Convener |
| ഡിസംബർ | Sslc, വിജയോത്സവ പരിപാടി ആസൂത്രണം | Sslc കുട്ടികളിലേയ്ക്ക് ഒരു എത്തിനോട്ടം | HM,staff, വിജയോത്സവം കമ്മറ്റി, |
| ഡിസംബർ | Second Term Exam | 8th, 9th 10th Exam | Exam committee |
| | | **ജനവരി** | |
| ജനവരി | C P T A | പരീക്ഷയുടെ അവലോകനവും വിജയികൾക്കുള്ള സമ്മാനദാനവും | HM, PTA,staff |
| ജനവരി | SRG meeting | അവലോകനവും ആസൂത്രണവും | HM,staff, S R G Convener |
| ജനവരി | 8th, 9th കുട്ടികൾക്കും sslc കുട്ടികൾക്കുമുള്ള തീവ്രപരിശീലന പരിപാടികൾ,ഗൃഹസന്ദർശനം, Gust classes, Below Camp | Second term Exam ന്റെ grade വിലയിരുത്തിയുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ series test, pre model etc | മാനേജ്മെന്റ്, PTA, HM, Staff വിജയോത്സവം കമ്മറ്റി |
| ജനവരി 26 | റിപ്പബ്ലിക് ദിനം | അസംബ്ലി, വിവധ പരിപാടികൾ | Social Club, PTA, HM, Staff |
| | | **ഫെബ്രുവരി** | |
| ഫെബ്രുവരി | SRG Meeting,<br>Camp to below students,<br>IT Model Exam, | വിജയോത്സവം കമ്മറ്റിയുടെ പദ്ധതി പ്രകാരം ഉള്ള പ്രവർത്തനങ്ങൾ. 10Th | HM, PTA, Staff<br>വിജയോത്സവം |

| | | | |
|---|---|---|---|
| | SSLC model Exam,<br>SSLC Sendoff<br>Revision | കുട്ടികളുടെ യാത്രയയപ്പ്.<br>8th, 9th റിവിഷൻ ടെസ്റ്റ് | കമ്മറ്റി |
| **മാർച്ച്** | | | |
| മാർച്ച് | Public exam for 8th,9th and 10th Std | Critical below കുട്ടികൾക്ക് Special coaching | Exam committee, Staff, HM |

# മലയാള വിഭാഗം അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജൂൺ 2025

| മാസം | ഉദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ജൂൺ 5 | പരിസ്ഥിതി ദിനം | പോസ്റ്റർ രചന, പരിസ്ഥിതി അവബോധം ഉണർത്തുന്ന മുദ്രാവാക്യങ്ങൾ, വൃക്ഷത്തൈ നടൽ | പരിസ്ഥിതി ക്ലബ്, പഞ്ചായത്ത് പ്രസിഡണ്ട്, പി ടി എ, എച്ച് എം, പരിസ്ഥിതി ക്ലബ് കൺവീനർ ശബ്ന ടീച്ചർ |
| ജൂൺ 19 | വായനാ ദിനം | ക്ലാസ്സ് വായനകൂട്ടം രൂപീകരിക്കൽ (എച്ച് എസ്), വായനോത്സവം സംഘടിപ്പിക്കൽ , വായനാനുഭവം പങ്കുവെയ്ക്കൽ, മികച്ച വായനയ്ക്ക് പാരിതോഷികം നൽകൽ | അധ്യാപകർ |
| ജൂൺ 19 | പി എൻ പണിക്കർ ചരമദിനം 19 മുതൽ 25 വരെ വായനാ വാരാചരണം | സ്കൂൾ ലൈബ്രറി നവീകരണം, വായനാവാരാചാരണം | അധ്യാപകർ, 8, 9, ക്ലാസ്സ് വിദ്യാർത്ഥികൾ |
| ജൂലൈ 5 | ബഷീർ ദിനം | ബഷീർ ദിന ക്വിസ് സംഘടിപ്പിക്കൽ, ബഷീർ കഥാപാത്രങ്ങളുടെ അവതരണം | അധ്യാപകർ, എച്ച് എസ് വിദ്യാർത്ഥികൾ |
| ആഗസ്റ്റ് 1 | അന്തർദേശീയ സുഹൃത്ത് ദിനം | വ്യക്തിവികസനത്തിൽ സുഹൃത്തുക്കളുടെ പ്രാധാന്യം മനസിലാക്കൽ, അനുഭവങ്ങൾ പങ്ക് വെയ്ക്കൽ | എച്ച് എസ് വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ആഗസ്റ്റ് 6 | എസ് കെ പൊറ്റക്കാട് ചരമദിനം | എഴുത്തുകൂട്ടം രൂപീകരണം, സർ ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | അധ്യാപകർ |
| ആഗസ്റ്റ് 19 | ജീവകാരുണ്യദിനം | സമൂഹ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാൻ, നല്ല മനുഷ്യനാവാൻ കലാസൃഷ്ടികൾക്കും സാഹിത്യ സൃഷ്ടികൾക്കും സാധിക്കും എന്ന അവബോധം ഉണർത്തുക, അത്തരം സാഹിത്യകൃതികൾ വായിക്കാൻ പ്രചോദനം നൽകുക | അധ്യാപകർ |
| സെപ്തംബർ 5 | അധ്യാപക ദിനം | പോസ്റ്റർ രചന, അധ്യാപകരെ ആദരിക്കൽ, കുട്ടി അധ്യാപക അവതരണം | എച്ച് എസ് വിദ്യാർത്ഥികൾ, അധ്യാപകർ |
| ഒക്ടോബർ 1 | ലോക വയോജന ദിനം | വയോജനങ്ങളുമായി അഭിമുഖം, 'സ്വന്തം വീടുകളിലെ പ്രായമായ ആളുകളോടൊപ്പം ഒരു ദിനം'എന്ന പരിപാടി നടപ്പിലാക്കുക | എച്ച് എസ് വിദ്യാർത്ഥികൾ, അധ്യാപകർ |
| ഒക്ടോബർ 5 | ലോക അധ്യാപക ദിനം | ദേശീയ അവാർഡ്, സംസ്ഥാന അവാർഡ് എന്നീ അവാർഡുകൾ കരസ്ഥമാക്കിയ പ്രാഥമാധ്യാപകൻ നിയാസ് മാഷുമായി അഭിമുഖം | എച്ച് എസ് വിദ്യാർത്ഥികൾ, അധ്യാപകർ |
| നവംബർ 11 | ദേശീയ വിദ്യഭ്യാസ ദിനം | വിദ്യഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ചകൾ, സംവാദം സംഘടിപ്പിക്കുക, സ്ത്രീ വിദ്യഭ്യാസത്തെ മുൻനിർത്തി സ്ത്രീ | അധ്യാപകർ |

| | | | |
|---|---|---|---|
| | | എഴുത്തുകാരുടെ പുസ്തകങ്ങളെ കുറിച്ച് പതിപ്പ് തെയ്യാറാക്കൽ | |
| നവംബർ 17 | വിദ്യാർത്ഥി ദിനം | മലാല യൂസഫ് സായിയുടെ പുസ്തകം ഞാൻ മലാല – പുസ്തക ചർച്ച<br>കുട്ടി എഴുത്ത് എന്ന എഴുത്തുകൂട്ടം രൂപീകരിക്കൽ | അധ്യാപകർ |
| നവംബർ | പ്രീ ടെസ്റ്റ് | 8,9,10 (എച്ച് എസ്) | എക്സാം കമ്മറ്റി |
| ഡിസംബർ 8 | ദേശിയ മാനസിക വിഭ്രാന്തി ദിനം | മാനസിക, കായിക ആരോഗ്യത്തിന് ആരോഗ്യ കായിക വിദ്യഭ്യാസത്തിന്റെ പങ്ക് എന്ന വിഷയത്തിൽ സ്കൂളിലെ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപികയുമായി അഭിമുഖം | 8,9 ക്ലാസ്സ് വിദ്യാർത്ഥിനികൾ, അധ്യാപകർ |
| ഡിസംബർ 23 | ദേശീയ കർഷക ദിനം | കേരളത്തിലെ കാർഷികാഭിവൃദ്ധിയെ കുറിച്ച് വ്യക്തിഗത പ്രോജക്ട് തയ്യാറാക്കുക.<br>പ്രദേശത്തെ കർഷകരുമായി അഭിമുഖം | എച്ച് എസ് വിദ്യാർത്ഥികൾ, അധ്യാപകർ |
| ഡിസംബർ അവസാന വാരം | അർദ്ധവാർഷിക പരീക്ഷ | 8,9,10 (എച്ച് എസ്) | എക്സാം കമ്മറ്റി അധ്യാപകർ |
| ജനവരി 3 | സർദാർ കെ എം പണിക്കർ ജന്മദിനം | പുസ്തക ചർച്ച, വായനാകുറിപ്പ്, ക്ലാസ്സ് പതിപ്പ് | 8,9 വിദ്യാർത്ഥികൾ, അധ്യാപകർ |
| ജനവരി 16 | കുമാരനാശാൻ ചരമദിനം | 8ാം ക്ലാസ്സിലെ പനനീർപ്പൂവ് എന്ന | 8ാംക്ലാസ്സ് വിദ്യാർത്ഥികൾ, |

| | | | |
|---|---|---|---|
| | | പാഠഭാഗത്തെ ആസ്പദമാക്കി കുമാരനാശാന്റെ വീണപൂവ് എന്ന കവിതാലാപനം സംഘടിപ്പിക്കൽ, വായനാനുഭവം പങ്കുവെയ്ക്കൽ, കവിതയുടെ കാലികപ്രസക്തി ചർച്ച | ഭാഷാധ്യാപകർ |
| ജനവരി 19 | ബഷീർ ജന്മദിനം | ബഷീർ കൃതികൾ പരിചയപ്പെടൽ, ബഷീർ കഥാപാത്രങ്ങളുടെ ചിത്രഗാലറി | അധ്യാകർ |
| ജനവരി 23 | ദേശ സ്നേഹദിനം | ദേശസ്നേഹം ഉണർത്തുന്ന സാഹിത്യസൃഷ്ടികൾ പരിചയപ്പെടൽ | അധ്യാപകർ |
| ഫെബ്രുവരി 21 | ലോകമാതൃഭാഷാദിനം | ഭാഷാപ്രതിജ്ഞ ക്ലാസ്സ് അടിസ്ഥാനത്തിൽ ചൊല്ലിക്കൊടുക്കൽ | അധ്യാപകർ |
| ഫെബ്രുവരി രണ്ടാം വാരം | സി പി ടി എ | പഠനപുരോഗതി അവലോകനം | പ്രഥമാധ്യാപകൻ, അധ്യാപകർ, പി ടി എ അംഗങ്ങൾ |
| മാർച്ച് | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ (എച്ച് എസ്) 8,9,10 വിദ്യാർത്ഥിനികളുടെ പഠനമികവ് | പ്രഥമാധ്യാപകൻ, പരീക്ഷാകമ്മറ്റി, അധ്യാപകർ, ഓഫീസ് സ്റ്റാഫ് അംഗങ്ങൾ |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025 – 26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന -**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തി വായനശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം. അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ ......................., വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ -- നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി ആർസി, ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| **എഴുത്ത് --**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസ്സിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു.<br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ | സപ്തംബർ -- നവംബർ<br><br>നവംബർ -- ഡിസംബർ | | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | തെയ്യാറാക്കും | | | |
| **അറിവിൻ തിളക്കം**<br>**--**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ - ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ്<br>പോസ്റ്ററുകൾ | അധ്യാപകർ<br>അധ്യാപകർ |
| ദിനാചരണങ്ങൾ ദിനാചരണത്തെകുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി ഡി, കമ്പ്യൂട്ടർ, ടി വി പ്രൊജക്റ്റർ | അധ്യാപകർ |
| ആസ്വാദനം | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലീം പ്രദർ | ജനവരി | സി ഡി, കമ്പ്യൂട്ടർ, ടി വി | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ശനങ്ങൾ സംഘടിപ്പിക്കുന്നു. | | പ്രൊജക്ടർ | |
| അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി ഡി, കമ്പ്യൂട്ടർ, ടി വി പ്രൊജക്ടർ | ബി ആർസി, ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| അറബിക് ഫെസ്റ്റ് - അറബി ഭാഷയെ കുറിച്ച് കൂടുതല റിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, ഫിലീം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഉറുദു 2025 – 26

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- |
| 1 | എസ് എം സർവർ ദിനം | ക്ലാസ് തലത്തിലും സ്കൂൾതലത്തിലും ക്വിസ് മത്സരം നടത്തുക | ജൂൺ 13 | സബ്ജറ്റ് കൗൺസിൽ | എച്ച് എം, സബ്ജറ്റ് കൗൺസിൽ |
| 2 | മീഡിയ | വായനാദിനത്തോടനുബന്ധിച്ച് വായനാമത്സരങ്ങൾ നടത്തുക | ജൂൺ | സബ്ജറ്റ് കൗൺസിൽ | എച്ച് എം, സബ്ജറ്റ് കൗൺസിൽ |
| 3 | പ്രേംചന്ദ് ദിന ക്വിസ് | ഹിന്ദി, ഉർദു എഴുത്തുകാരനായ പ്രേം ചന്ദിന്റെ ഓർമദിനത്തിൽ കുട്ടികൾക്കായി ക്വിസ് മത്സരം നടത്തുക | 1 | സബ്ജറ്റ് കൗൺസിൽ | എച്ച് എം, സബ്ജറ്റ് കൗൺസിൽ |
| 4 | കൈയ്യെഴുത്ത് മാഗസിൻ | രചനശേഷി വളർത്തൽ, ഉർദുവിൽ തികച്ചും ഭംഗിയുള്ളതുമായ കൈയ്യെഴുത്ത് എന്നീ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും, സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി. കൈയ്യെഴുത്ത് മാഗസിൻ, വായന കാർഡ്, ചുമർപത്രിക നിർമ്മാണം | 1 മാസം ജൂലൈ - ആഗസ്റ്റ് | സബ്ജറ്റ് കൗൺസിൽ | എച്ച് എം, സബ്ജറ്റ് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| 5 | ഉർദു പൊതു വിജയം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിനുവേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ഉർദു ക്ലാസ്സ് | എച്ച് എം, സബ്ജറ്റ് കൗൺസിൽ |
| 6 | അല്ലാവാ ഇക്ബാൽ ഉർദു ടാലന്റ് ടെസ്റ്റ് | കുട്ടികൾ ഉർദുവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനങ്ങൾ പഠിക്കുന്നു. സംസ്ഥാനതലം വരെനടക്കുന്ന ടാലന്റ് ടെസ്റ്റിന് കുട്ടികൾ സജ്ജമാകുന്നു. | നവംബർ | സബ്ജറ്റ് കൗൺസിൽ | എച്ച് എം, സബ്ജറ്റ് കൗൺസിൽ |
| 7 | ലോക ഉർദു ദിനം | ടാലന്റ് മീറ്റ് | നവംബർ 9 | ഉർദു ക്ലാസ് | എച്ച് എം, സബ്ജറ്റ് കൗൺസിൽ |
| 8 | ദേശീയ ഉർദു ദിനം | ഉർദു സാഹിത്യകാരൻമാരെയും കവികളെയും പരിചയപ്പെടൽ. ഉർദു സെമിനാർ | ഫെബ്രുവരി - 15 | ഉർദു ക്ലാസ് | എച്ച് എം, സബ്ജറ്റ് കൗൺസിൽ |

# Academic Master Plan ENGLISH 2025-26

## Key objectives :-

- Develop reading, writing, listening and speaking in the real life contests.
- Strengthen vocabulary and grammar through integrated learning
- Promote Critical and creative thinking through literature
- Enhance learner’s confidence in English Communication
- Build values like empathy, self respect and equality through tests, and class room activities.

## YEAR PLAN JUNE to MARCH

| Month | Focus Area | Activities |
|---|---|---|
| June | Basic Course, baseline assessment. Club formation. Integration with arts spoken English practise | Speaking games, reading session, Poster Creation, poeting collage, Role play, News reading |
| July | Unit 1 lesson based Discourses and grammar Library | Character Sketch, Dairy entries, Direct indirect speech, Question tags, Model auxiliaries, idiom, reading fest, reviews |
| August | Writing skill development. Unit II prose. Poem and Grammar | Verification, contests, appreciations, Notice, journals, Survey report, conditional clause |
| September | Integration with Arts teachers Day celebration Revision – term exam | Poster, drama Script, Skit, honouring teachers Student teachers contest |

| | | |
|---|---|---|
| October | Unit 3+, Seminar, Role Play | Group discussion , speeches skit script writing , seminar report etc |
| November | Unit 4+, Speaking and Vocabulary building | Group discussion, short speeches |
| December | Unit 5+ Term Exam<br>Functional writing | Notice, Email, Letter Writing |
| January | English Fest, Language lab day | Extempore, Recitation, Public speaking practice, Reading challenge, Story telling , Display of Poem, News and posters |
| February | Revision, Previous questions discussion, mock exams | Evaluation after test papers and assessment |
| March | Annual Exam | |

# Academic Year Plan Hindi 2025-26

**പൊതുവായ ലക്ഷ്യങ്ങൾ :-**

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ കുട്ടിയും പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുക
- ഹിന്ദി പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തമാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരമാല ബോർഡിൽ എഴുതി ഉറക്കെ പറയിപ്പിക്കുന്നു. | ഒരാഴ്ച |
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. പരിസ്ഥിതി ദിനത്തിന്റെ പോസ്റ്റർ നിർമ്മാണം ആദ്യ യൂണിറ്റ് തുടങ്ങുന്നു.<br>ജൂൺ 19 വായന മത്സരം | ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു. | ജൂൺ |
| ഒമ്പതാം തരത്തിനായി ഹിന്ദി എഴുതാനും വായിക്കാനും, പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു.(ജൂലൈ 11 | ജൂലൈ |

| | | |
|---|---|---|
| നാമം, സർവ്വനാമം, വിശേഷണം, ചെറിയ മുദ്രാവാക്യങ്ങൾ, പോസ്റ്റർ , ചെറിയ മുദ്രാവാക്യങ്ങൾ പത്താം ക്ലാസ്സിനായി നൽക്കുന്നു. | ജനസംഖ്യാദിനത്തിന്റെ ബോധവൽക്കരണം നടന്നു) ചാർട്ടുകൾ നൽകുന്നതും അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുന്നു. | |
| ആഴ്ചയുടെ പേര് , എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. (8ാം തരം)<br>സ്വാതന്ത്ര്യദിനം - ദേശഭക്തി ഗാനം, പ്രസംഗമത്സരം നടത്തുന്നു. ചെറിയ മുദ്രാവാക്യങ്ങൾ എഴുതിപ്പിക്കുന്നു. (9ാം ക്ലാസ്സ്) | ക്ലാസിലെ ഓരോകുട്ടിയുടെയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. | ആഗസ്റ്റ് |
| സപ്തംബർ 14 – ഹിന്ദി ദിനം, കവിത, കഥ, രചനകൾ സാഹിത്യ അഭിരുചി വളർത്തുന്ന വിധത്തിൽ പുസ്തക പരിചയത്തിന് അവസരം ഉണ്ടാക്കുന്നു. (10) | കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു.<br>പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സപ്തംബർ |
| ഹിന്ദി അനായാസം - എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>പോസ്റ്റർ തെയ്യാറാക്കുവാൻ പരിശീലിപ്പിക്കുന്നു.<br>ഗാന്ധിജയന്തിയോടനുബന്ധിച്ച് -<br>ദേശഭക്തിഗാനം, -ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശനോത്തരി എന്നിവ നൽകുന്നു.<br><br>പോസ്റ്ററിന്റെ മോഡൽ നൽകുന്നു. ക്ലാസ്സിൽ പ്രദർ ശിപ്പിക്കുന്നു.<br>പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ നൽകുന്നു. | ഒക്ടോബർ |

| | | |
|---|---|---|
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. മാസങ്ങൾ, എണ്ണൽ സംഖ്യകൾ, എന്നിവ ഹിന്ദിയിൽ പഠിപ്പിക്കുന്നു.<br>ശിശുദിന പരിപാടി അനുസ്മരണം, സംഭാക്ഷണ രൂപം,വ്യാകരണം, കത്ത്, ഡയറി  എന്നിവ പരിചയപ്പെടുത്തുന്നു.<br>ഓരോ കഥാപാത്രങ്ങളുടെയും സ്വഭാവ സവിശേഷതകൾ എഴുതാൻ പഠിപ്പിക്കുന്നു. | പാട്ടുകളിലൂടെ, ചിത്രങ്ങളിലൂടെ ആശയം പരിചയപ്പെടുത്തുന്നു.<br><br>അഭിനയത്തിലൂടെ പഠിപ്പിക്കുന്നു. ദിവസവും കത്ത്, ഡയറി എഴുതാൻ പരിശീലിപ്പിക്കുന്നു.<br><br>പാഠഭാഗത്തിലെ സന്ദർഭത്തിനനുസരിച്ച് ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു | നവംബർ |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം-അവതരിപ്പിക്കുവാൻ കഴിയുന്നു. കുറിപ്പുകൾ, ഡയറി, കത്ത് എഴുതുവാൻ പഠിപ്പിക്കുന്നു. | ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. എല്ലാദിവസവും ഡയറി എഴുതുവാൻ നിർദ്ദേശിക്കുന്നു. | ഡിസംബർ |
| ജനവരി 10 (World Hindi Day)<br>ആസ്വാദന കുറിപ്പ്, തിരക്കഥ, സംഭാഷണം, വ്യാകരണം എന്നിവ തയ്യാറാക്കുന്നു. | ഹിന്ദി ഭാഷാ വികസനത്തിനായി നിരവധി പരിപാടികൾ നടത്തുന്നു.ആസ്വാദനകുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ജനവരി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ് 2025-26

| മാസം | ദിവസം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 5<br>ജൂൺ 26 | പരിസ്ഥിതി ദിനം<br>ലഹരി വിരുദ്ധദിനം | വൃക്ഷത്തൈ നടൽ<br>പ്രതിജ്ഞ, പോസ്റ്റർ & കൊളാഷ് നിർമ്മാണം, ബോധവൽക്കരണ ക്ലാസ്സ്<br>(ക്ലാസ്സ് തലം) |
| ജൂലൈ<br>11<br>21 | പാർലമെന്റ് ഇലക്ഷൻ<br>ലോക ജനസംഖ്യാദിനം<br>ചാന്ദ്രദിനം | ജനസംഖ്യാദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണപരിപാടി<br>ക്വിസ് മത്സരം, കൊളാഷ് നിർമ്മാണം (ക്ലാസ്സ് തലം) |
| ആഗസ്റ്റ് 15<br>6 & 9 | 15 സ്വാതന്ത്ര്യദിനം<br>ഹിരോഷിമ നാഗസാക്കി<br>ക്വിറ്റ് ഇന്ത്യാദിനം | ക്വിസ്, ദേശഭക്തി ഗാന മത്സരം<br>യുദ്ധവിരുദ്ധ പ്രതിജ്ഞ<br>സുഡോക്കോ നിർമ്മാണം |
| സപ്തംബർ 5<br>16 | അധ്യാപക ദിനം<br>ഓസോൺ ദിനം | ടീച്ചർ സ്റ്റുഡന്റ്<br>ഓസോൺ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി | ക്വിസ് മത്സരം, ചാർട്ട് നിർമ്മാണം |
| ഡിസംബർ 10 | മനുഷ്യാവകാശദിനം | |
| ജനവരി 26 | റിപ്പബ്ലിക്ക് ദിനം | ദേശഭക്തി ഗാനാലാപനം, പ്രസംഗമത്സരം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഫിസിക്സ് 2025-26

## പൊതു ലക്ഷ്യങ്ങൾ --

- കൗതുകം,ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുകയും ശാസ്ത്രനേട്ടങ്ങൾ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുക
- ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ച ശാസ്ത്രജ്ഞരോട് ആദരവ് പുലർത്തുകയും അവരുടെ ചരിത്രം അന്വേഷണ പഠനത്തിലൂടെ മനസ്സിലാക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം- ശാസ്ത്ര തത്വങ്ങളായ ദോലനം, പിരീഡ് , ആവൃത്തി, മുതലായവ സ്കൂളിലെ ഊഞ്ഞാൽ ഉപയോഗിച്ച് കുട്ടികൾ മനസ്സിലാക്കുന്നു. | സയൻസ് ക്ലബ് (ജൂൺ) |
| ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | സയൻസ് ക്ലബ് |
| ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുംമറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ. | സയൻസ് ക്ലബ് |

| | | |
|---|---|---|
| വിദ്യാർത്ഥികളുടെ മുന്നറിവ് പരിശോധിക്കുന്നു. | പ്രീടെസ്റ്റ് നടത്തി സയൻസ് വിഷയങ്ങളിൽ കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നു. | സയൻസ് ക്ലബ് |
| ശാസ്ത്ര പതിപ്പ്, ചാർട്ട്, മോഡൽ മുതലായവ നിർമിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. | ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ (പോസ്റ്റർ നിർമാണം, ക്വിസ്, വീഡിയോ പ്രദർശനം) | സയൻസ് ക്ലബ് (ജൂലൈ) |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പർ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽ കുന്നു. | സയൻസ് അധ്യാപകർ (ആഗസ്റ്റ്) |
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | കുട്ടികളെ ഗ്രൂപ്പായി തിരിച്ച് വിവിധ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ തയ്യാറാക്കുന്നു.<br>ഓസോൺ ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന, ക്വിസ് | സയൻസ് അധ്യാപകർ (സപ്തംബർ)<br>സയൻസ് ക്ലബ് |
| ഗവേഷയണാത്മകമായ പ്രോജക്ടുകൾ - ദൈനം ദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ | സ്കൂൾ തല ശാസ്ത്രമേളകൾ നടത്തുന്നു. പ്രോജക്ട്, ശാസ്ത്രമാഗസിൻ, ക്വിസ്, ടാലന്റ് സെർച്ച് പരീക്ഷകൾ തുടങ്ങിയവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. | സയൻസ് ക്ലബ് , ഒക്ടോബർ, നവംബർ |
| പഠനയാത്രയും ഫീൽഡ് ട്രിപ്പും | സയൻസുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുക, വിവിധ ശാസ്ത്രമേളകൾ കാണാനുള്ള അവസരം നൽകുക | SRG, സയൻസ് ക്ലബ്, ജനവരി, ഫെബ്രുവരി |

| | | |
|---|---|---|
| പഠനത്തിൽ വ്യത്യസ്ത നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തൽ | പഠനപിന്നോക്കം നിൽക്കുന്നന്ന കുട്ടികൾക്ക് പരിഹാരബോധനം നൽകുന്നു. മികച്ച നിലവാരം ഉള്ള കുട്ടികളുടെ സഹായത്തോടെ പിയർഗ്രൂപ്പ് സ്റ്റഡി നടത്തൽ | |
| വാർഷിക പരീക്ഷയ്ക്ക് മികച്ച വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | • SSLC വിദ്യാർത്ഥിനികൾക്ക് തിവ്രപരിശീലനം നൽകുന്നു.<br>• റിവിഷൻ, മോഡൽ പരീക്ഷ | സയൻസ് അധ്യാപകർ, ജനവരി മുതൽ മാർച്ച് വരെ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ കെമിസ്ട്രി 2025 -26

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിലെ മുൻകാല അറിവ് പരിശോധിക്കൽ | പ്രീടെസ്റ്റ് നടത്തി സയൻസ് വിഷയങ്ങളിൽ കുട്ടികൾ എത്രത്തോളം അറിവ് ആർജ്ജിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു. | ജൂൺ | സയൻസ് SRG |
| 2 | പരിസ്ഥിതി ദിനം | പോസ്റ്റർ രചനാമത്സരം, വൃക്ഷത്തൈനടൽ, വൃക്ഷത്തൈവിതരണം | ജൂൺ | സയൻസ് SRG |
| 3 | ലഹരി വിരുദ്ധദിനം | പോസ്റ്റർ രചനാമത്സരം, ഡോക്യുമെന്ററി, സ്കിറ്റ് | | സയൻസ് SRG |
| 4 | പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേകപരിശീലനം | യൂണിറ്റ് ടെസ്റ്റ്, പിയർഗ്രൂപ്പ് ടീച്ചിംഗ്, സ്റ്റുഡന്റ് ടീച്ചർ ക്ലാസ്സ് എന്നിവ നൽകി പരിശീലിപ്പിക്കും | ജൂലൈ | സയൻസ് SRG |
| 5 | ചാന്ദ്രദിനം | ക്വിസ്സ് , ചാർട്ട് പ്രദർശനം, സ്കിറ്റ് | | സയൻസ് SRG |
| 6 | ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കുന്നു | ആഗസ്റ്റ് മുതൽ 6 മാസം വരെ സമയം | സയൻസ് SRG |
| 7 | ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗിച്ച് സയൻസ് വിഷയങ്ങളിൽ 8,9,10 | സപ്തംബർ | സയൻസ് SRG |

| | | | | |
|---|---|---|---|---|
| | | ക്ലാസ്സുകളിലേക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നു. ഇത് ഉപയോഗിച്ച് ടെസ്റ്റ് പേപ്പർ നടത്തുന്നു. | | |
| 8 | കുട്ടികളിൽ ശാസ്ത്രഅഭിരുചി വളർത്തൽ | സ്കൂൾ തല ശാസ്ത്രമേളകൾ നടത്തുന്നു. ഗവേഷണാത്മകമായ പ്രൊജക്റ്റുകൾ ഏറ്റെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രേത്സാഹനം നൽകുന്നു. | ഒക്ടോബർ | സയൻസ് SRG |
| 9 | ശാസ്ത്ര നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുംമറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ. | നവംബർ മുതൽ ജനവരി വരെ | സയൻസ് SRG |
| 10 | പഠനയാത്രയും ഫീൽഡ് ട്രിപ്പും | സയൻസുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുക, വിവിധ ശാസ്ത്രമേളകൾ കാണാനുള്ള അവസരം നൽക്കുക | ഫെബ്രുവരി | സയൻസ് SRG |
| 11 | ലോക എയ്ഡ്സ് ദിനം | പോസ്റ്റർ രചന, ബോധവൽക്കരണ ക്ലാസ്സ് | ഫെബ്രുവരി | സയൻസ് SRG |
| 12 | പഠനത്തിൽ വ്യത്യസ്ത നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തൽ | Term Exam ന് ശേഷം സയൻസ് വിഷയങ്ങളിൽ വ്യത്യസ്ത നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തി A+, Average,  Below എന്നിങ്ങനെ ചെയ്യുന്നു | ഫെബ്രുവരി | സയൻസ് SRG |
| 13 | Public പരീക്ഷയ്ക്കുള്ള | വിവിധ പരീക്ഷകളുടെ അടിസ്ഥാനത്തിൽ 8th, | മാർച്ച് | സയൻസ് SRG |

| | | | | |
|---|---|---|---|---|
| | തയ്യാറെടുപ്പ്, എല്ലാ കുട്ടികളും സയൻസ് വിഷയങ്ങളിൽ A+ നേടുക | 9th, കുട്ടികളെ വേണ്ടി തയ്യാറാക്കുന്നു. അതേപോലെ SSLC കുട്ടികളെ shaffle ചെയ്യതതിനുശേഷം പ്രത്യേക കോച്ചിങ് നൽകുന്നു. Exper class, Below camp, Night Class, Exam clinic, Motiivation Class എല്ലാ കുട്ടികൾക്കും നൽകുന്നു. | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ബയോളജി 2025 -26

**പൊതുലക്ഷ്യങ്ങൾ --**

- പ്രപഞ്ചത്തെയും ജീവനെയും മനസ്സിലാക്കാനും പ്രകൃതി നിയമങ്ങൾ അനാവരണം ചെയ്യുന്നതിനുമുള്ള ശേഷി നേടുന്നു.
- നിരീക്ഷണങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും പരീക്ഷണത്തിലൂടെയും അറിവ് ആർജ്ജിക്കുന്നു.
